JAGRATHA 079

Vol-3, N0:5
16-01- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## അഭയ കേസിൽ കോടതികൾ ചേരിതിരിയുന്നു; ജനങ്ങൾ ആശയക്കുഴപ്പത്തിൽ നട്ടം തിരിയുന്നു

ഹൈക്കോടതിയിലെ രണ്ടു ജഡ്ജിമാർ പരസ്പരം ചേരിതിരിഞ്ഞ് അഭിപ്രായപ്രകനം നടത്തിയതാണ് ഇക്കഴിഞ്ഞ ദിവസങ്ങളിലെ പ്രധാന സംഭവികാസം.

**കേസ് ഡയറി തുറന്നപ്പോൾ ആരോപണങ്ങൾ അപ്രത്യക്ഷമാവുന്നു**

അഭയകേസിലെ കുറ്റാരോപിതർക്ക് ജാമ്യം അനുവദിച്ചതിലൂടെ ചിലരുടെയെല്ലാം കണ്ണിൽ കരടായ വ്യക്തിയാണ് ജസ്റ്റിസ് കെ. ഹേമ. കുറ്റപത്രം പോലും സമർപ്പിക്കാത്ത പ്രാഥമിക ജാമ്യ വിചാരണ മാത്രം നേരിടുന്ന വ്യക്തികളാണ് കുറ്റാരോപിതർ എന്നു  വസ്തുതപോലും മറന്നാണ് മാധ്യമങ്ങളിൽ പലതും ജാമ്യഹർജിയെപ്പോലും എതിർത്തരുന്നത്. എന്നാൽ വിശദമായ, ഏതാണ്ട് നാല്പതോളം പേജുകൾ വരുന്ന, ജാമ്യഹർജിയിൽ ഒരിക്കലും വിശദീകരികക്കേണ്ടതില്ലാത്ത സംഭവങ്ങൾ പോലും പ്രതിപാദിച്ചുകൊണ്ട് ജാമ്യഹർജി അനുവദിച്ചുകൊണ്ട് വിധി പ്രസ്ഥാവിച്ചു.

**കേസ് ഡയറിയിലെ കണ്ടെത്തലുകൾ**

അതിൽ കേസ് ഡയറിയിൽ തന്നെ ഉണ്ടായിരുന്നതും കണ്ടെത്തിയതുമായ പ്രധാനപ്പെട്ട സംഗതികൾ വളരെ പ്രസക്തമാണ്.

1 ഒന്ന് സഭ ഒരു കാലത്തും അന്വേഷണത്തെ തടസപ്പെടുത്തിയിട്ടില്ല.

2

ഇന്ന് ബഹളം കൂട്ടുന്ന മാധ്യമങ്ങളും പൊതുതാത്പര്യക്കാരുമൊന്നുമല്ല കന്യാസ്ത്രീകൾ തന്നെയാണ് സിബിഐ അന്വേഷണം ആവശ്യപ്പെട്ട് നിവേദനം നൽകിയത്.

3 അഭയ കേസിൽ എ.എസ്.ഐ അഗസ്റ്റിനെ സഭ സ്വാധീനിച്ച് എഫ്.ഐ.ആറിൽ തിരുത്തൽ വരുത്തിയെന്ന ആരോപണം എല്ലാവരും ഉന്നയിക്കുകയും ഇത്തരം ആരോപണത്തിന്റെ രക്തസാക്ഷിയായി അഗസ്റ്റിൻ ആത്മഹത്യ ചെയ്യുകയും ചെയ്തു. എന്നാൽ കേസ് ഡയറിയിൽ വളരെ വ്യക്തമായി അഗസ്റ്റിൻ എഴുതിയിരുന്നത് അഭയുടെ മരണം വെള്ളം ഉള്ളിൽ ചെന്നാണ് അഭയുടെ മരണമെന്നും ഇത് ആത്മഹത്യയോ കൊലപാതകമോ ആകാം എന്നുമാണ്.  ജസ്റ്റിസ് രാംകുമാർ, ആർ. ബസന്ത് തുടങ്ങി അഭയ കേസിൽ വാദം കേട്ടിരുന്ന ആരും കേസ് ഡയറിയിൽ ഇത്തരത്തിലുള്ള പരാമർശമാണുള്ളതെന്ന് വെളിപ്പെടുത്തിയില്ല.

4 ആദ്യം കോടാലികൊണ്ട ഫാ. തോമസ് കോട്ടൂർ അഭയുടെ തലയ്ക്ക് അടിച്ചുവെന്ന് പറയുകയും അദ്ദേഹത്തെ ഒന്നാം കുറ്റാരോപിതനാക്കുകയും ചെയ്ത് സിബിഐ പിന്നീട് കൈക്കോടാലികൊണ്ട്

സിസ്റ്റർ സെഫിയാണ് അഭയുടെ തലയ്ക്ക് പിന്നിൽ അടിച്ചതെന്ന് തിരുത്തി. ഇതിനെയും ജസ്റ്റീസ് ഹേമ തന്റെ ജാമ്യ വിധിയിൽ വിമർശിച്ചു. അഭയുടെ തലയ്ക്കു പിന്നിലുണ്ടായിരുന്ന മുറിവിന് അര ഇഞ്ചിൽ താഴെ മാത്രം ആഴവും രണ്ടര ഇഞ്ചിൽ താഴെ മാത്രം നീളവും ഉണ്ടായിരുന്നുള്ളൂ. കൈക്കോടാലികൊണ്ടുള്ള അടിയിൽ പോലും തലയോട്ടി ചിതറിപ്പോകും. അതിനാൽ ആ വാദം നിലനിൽക്കുന്നതല്ല.

5 അടുക്കളയിലെ രക്തക്കറ കഴുകിവൃത്തിയാക്കി എന്നായിരുന്നു മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ കേസ് ഡയറിയിൽ ഇതിനെപ്പറ്റി പരാമർശമില്ലെന്നും ഹേമ കണ്ടെത്തി.

**കഥയെഴുത്തുകാർക്കു ലഭിച്ച മറുപടി**

മാധ്യമങ്ങൾ നടത്തിയ പല കഥയെഴുത്തുകൾക്കും ഉള്ള മറുപടിയായിരുന്നു കേസ് ഡയറി പഠിച്ചതിനുശേഷം ഹേമ നടത്തിയ ജാമ്യവിധി. കേസ് മാധ്യമങ്ങൾക്കു ലഭിക്കില്ല. എന്നാൽ സിബിഐ നടത്തിയ അന്വേഷണത്തേക്കാൾ ഭാവനാവിലാസത്തോടുകൂടിയ അന്വേഷണവും വിധിപ്രസ്താവവുമാണ് വിവിധ മാധ്യമങ്ങൾ വിവിധ തരത്തിൽ നടത്തിയത്.

അഭയകേസിലെ കുറ്റാരോപിതരോട് അല്പമെങ്കിലും മാനുഷികാനുഭാവം പുലർത്താൻ ശ്രമിച്ചു എന്ന നിലയ്ക്കാണ് ജസ്റ്റിസ് ഹേമയുടെ ജാമ്യ വിധി പ്രാധാന്യമർഹിക്കുന്നത്.

തന്റെ വിധിയോട് പല തലത്തിൽ നിന്നും പല തരത്തിലുള്ള അഭിപ്രായപ്രകടങ്ങൾ ഉയർന്നതിനാലാവും പതിമ്മൂന്നാം തീയതി ചൊവ്വാഴ്ച തന്റെ വിധി ഒന്നു കൂടി ഉറപ്പിച്ചു പറയാൻ ജസ്റ്റിസ് ഹേമ തയാറായത്.

**ജഡ്ജിമാർ കൊമ്പുകോർക്കുന്നു**

ജസ്റ്റിസ് ബസന്ത് പിന്നീട് ഹേമയുടെ വിധിയേക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്. വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടല്ല. അന്വേഷണം തുടരുന്ന കേസിൽ തർക്കവിഷയങ്ങളിൽ ജാമ്യക്കോടതിയുടേതല്ല അവസാന വാക്കെന്നും പറഞ്ഞു. ഇതിനെ പിന്നീട് ഹേമ പ്രതിരോധിക്കുകയും ചെയ്തു. അല്പം കടുത്ത ഭാഷയിലാണെന്നു മാത്രം.

അഭയാ കേസിലെ പ്രതികൾക്ക് ജാമ്യം അനുവദിക്കവേ താൻ നടത്തിയ നിരീക്ഷണങ്ങൾ പരിശോധിക്കാൻ സുപ്രീംകോടതിക്കു മാത്രമേ അധികാരമുള്ളൂവെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് കെ. ഹേമ പരാമർശിച്ചു. ഹൈക്കോടതിയിലെ മറ്റ് ഇരുപത്തിയെട്ടു ജഡ്ജിമാർക്കും ഇതിനുള്ള അവകാശമില്ലെന്ന് ജസ്റ്റീസ് ഹേമ വാക്കാൽ പറഞ്ഞു. മറ്റൊരു കേസിന്റെ വാദം കേൾക്കവേയാണ് ഹെ ഇത്തരത്തിൽ വാക്കാലുള്ള പരാമർശം നടത്തിയത്.

മാധ്യമ പിന്തുണ തനിക്ക് ആവശ്യമില്ലെന്നും താൻ ആരുടേ യും വോട്ടുതേടി പോകുന്നില്ലെന്നും ജസ്റ്റീസ് ഹേമ പറഞ്ഞു. താൻ കേസ് ഡയറി പഠിച്ചതനുസരിച്ചാണ് ജാമ്യ വിധി പ്രസ്ഥാവിച്ചത് എന്നും കൂടി ഹേമ പറഞ്ഞുവച്ചു.

കുറ്റാരോപിതർക്ക് ജാമ്യം അനുവദിക്കവേ ജസ്റ്റീസ് ഹേമ നടത്തിയ പരാമർശങ്ങൾ കേസിൽ തുടർന്നുള്ള അന്വേഷണത്തിനു തടസമാകരുതെന്നും വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടല്ലെന്നും ജസ്റ്റീസ് ആർ. ബസന്ത് കഴിഞ്ഞ ദിവസം നിരീക്ഷണം നടത്തിയിരുന്നു.

അന്വേഷണം തുടരുന്ന കേസിൽ തർക്ക വിഷയങ്ങളിൽ ജാമ്യക്കോടതിയുടേതല്ല അവസാനവാക്കെന്നും അദ്ദേഹം നിരീക്ഷിച്ചിരുന്നു.

കേസ് ഡയറി വിലയിരുത്തിയശേഷമാണ് കേസന്വേഷണം സംബന്ധിച്ച് താൻ നിരീക്ഷണങ്ങൾ നടത്തിയതെന്ന് ജസ്റ്റീസ് ഹേമ വ്യക്തമാക്കി. ജാമ്യഹർജികൾ പരിഗണിക്കുന്ന കോടതിക്കും പ്രകൃത്യാ അധികാരങ്ങളുണ്ടെന്നും ഇക്കാര്യത്തിൽ ജാമ്യ കോടതിയെന്നും റിട്ട് കോടതിയെന്നുമുള്ള വേർതിരിവില്ലെന്നും ജസ്റ്റീസ് ഹേമ ചൂണ്ടിക്കാട്ടി. ഭരണഘടനനൽകുന്ന ഈഅധികാരങ്ങൾ വേണ്ടെന്നുവയ്ക്കാനാവില്ല.

ഇതിനോടുള്ള പ്രതികരണമെന്ന നിലയിൽ ജസ്റ്റിസ് ബസന്ത് കേസ് അന്വേഷണത്തിന്റെ നിരീക്ഷണത്തിൽ നിന്നും പിന്മാറുകയാണെന്നും കേസ് ഡിവിഷൻ ബഞ്ചിന് വിടുകയാണെന്നും പറഞ്ഞു. ഡിവഷൻ ബഞ്ച് ആരെന്ന് ആക്ടിംട് ചീഫ് ജസ്റ്റിസ് ജെ.ബി കോശി നിശ്ചയിക്കും.

**ഡിവിഷൻ ബഞ്ചിന് വിടുന്നതിന്റെ നിയമപ്രശ്നം**

സാധാരണ ഗതിയിൽ ക്രിമിനിൽ കേസിൽ ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിയ്ക്കെതിരെ സുപ്രീം കോടതിയിൽ മാത്രമേ അപ്പീലോ റിവിഷനോ പോകാൻ സാധിക്കൂ. സിവിൽ കേസാണെങ്കിൽ ഹൈക്കോടിതി സിംഗിൾ ബഞ്ചിന്റെ വിധിയ്ക്കെതിരെ ഡിവിഷൻ ബഞ്ചിന് അപ്പീലോറിവിഷനോ സമർപ്പിക്കാൻ സാധിക്കും. ഇതാണ് ഹൈക്കോടതിയിലെ കീഴ് വഴക്കം. എന്നാൽ ഇന്നലെ ക്രിമിനൽ കേസായ അഭയ കേസിലെ അന്വേഷണ നിരീക്ഷണം ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനു വിട്ടു കൊണ്ടുള്ള ഉത്തരവാണ് ജസ്റ്റിസ് ബസന്ത് പുറപ്പെടുവിച്ചത്.

തന്റെ വിധിക്കെതിര ഹൈക്കോടതിയിലെ 28 ജഡ്ജിമാർക്കും വിധി അസ്ഥിരപ്പെടുത്താൻ സാധിക്കില്ലെന്ന വാദമധ്യേ നത്തിയ പരാമർശം നിയമപരമായി ശരിയാണ്. അതിനാണ് നിലനില്പും.

എന്നാൽ ഒരു കേസിൽ ഹൈക്കോടതിയിലെ രണ്ടു ജഡ്ജിമാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാവുകയാണെങ്കിൽ ക്രിമിനൽ കേസാണെങ്കിലും ഡിവിഷൻ ബഞ്ചിന് വിടാമെന്ന് പറയുന്നു. അതനുസരിച്ചാണ് അഭയകേസ അന്വേഷണ മേൽനോട്ടം ഡിവിഷൻ ബഞ്ചിന് വിട്ടതെന്നും നിയമവിദഗ്ധർ പറയുന്നുണ്ട്.

നിയമത്തിന്റെ പല തലങ്ങളെ പല തരത്തിൽ വ്യാഖ്യാനിക്കാൻ സാധിക്കും. നിയമത്തെക്കുറിച്ച് തികച്ചും അജ്ഞാതരായ പൊതുജനങ്ങളെ ഇതിലൂടെ എളുപ്പത്തിൽ തെറ്റിദ്ധരിപ്പിക്കാൻ സാധിക്കും.

**ഇനി കോടതിക്ക് ചെയ്യാനാവുന്നത്**

ഒന്നുകിൽ കോടതിയും അന്വേഷണ ഉദ്യോഗസ്ഥരും ചെയ്യേണ്ടത് വിചാരണയും വാദപ്രതിവാദങ്ങളും തെളിവു നിരത്തലും അതിനെ പ്രതിരോധിക്കുന്നതുമെല്ലാം രഹസ്യ കോടതിയൽ നിർവഹിക്കുക.

മാധ്യമങ്ങൾക്കും ജനങ്ങൾക്കും ഊഹിച്ചെടുക്കാനും ഭാവന മെനയാനുമുള്ള അവസരം ഇല്ലാതാക്കുക.

തെളിവുകളെ യുക്തിഭദ്രമായി വിശകലനം ചെയ്ത് വിധി പ്രസ്ഥാവിക്കുന്ന അവസാന വിചാരണ മാത്രം ഓപ്പൺ കോടതിയിൽ നടത്തുക. അതു മാത്രം മാധ്യമങ്ങളിലൂടെ റിപ്പോർട്ടുചെയ്യുക.

ഇത്രയും കുറ്റാരോപണവും ചെളിയഭിഷേകവും നടത്തിയതിനുശേഷം ഇപ്പോൾ അഭയകേസിൽ കുറ്റാരോപിതർ നിരപരാധികളെന്നുവന്നാൽ... അങ്ങനെയൊരു സാധ്യത നിലനിൽക്കേ ഇപ്പോൾ വെറുതെ ചെളിയറിയണോ...?